എൻട്രൻസ് ടെസ്റ്റല്ല കഴിവാണ് പ്രധാനം: വെള്ളാപ്പള്ളി നടേശൻ

എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രം
2016 July 16 Rs. 12.50

# യോഗനാദം



# യാത്രയിൽ ബാക്കിവെച്ച മിഠായികൾ


ശിവദാസൻ. എ.കെ

ആൾക്കൂട്ടത്തിനിടയിൽ നിന്നും തന്നെ സാകൂതം നോക്കുന്ന വൃദ്ധനെ തെല്ല് വെറുപ്പോടെയാണ് നന്ദന കണ്ടത്.

തിരക്കുള്ള ട്രെയിനിലെ ജാലകവാതിലിനരികിലായിരുന്നു അവൾ.

പഠനകാലത്ത് നഷ്ടപ്പെട്ടൊരു മുഖം റെയിൽവേ സ്റ്റേഷനിലെ ആൾകൂട്ടത്തിൽ നിന്ന് നേടിയെടുത്തതിന്റെ സന്തോഷത്തിലായിരുന്നു. സ്കൂളിലെ കൂട്ടുകാരി പോൾസി മുൻപത്തെ സ്റ്റോപ്പിൽ ഇറങ്ങിയതേയുള്ളൂ.

നന്ദനയ്ക്ക് എതിർവശത്തെ സീറ്റിൽ പുതുമോടികളായ യുവാവും യുവതിയും, തൊട്ടരികെ ഒരു കൊച്ചുകുഞ്ഞും



അവളുടെ അമ്മയും. ബാക്കി സ്ഥലത്ത് കുറച്ച് ചെറുപ്പക്കാരാണ്. മൊബൈലിൽ നിന്ന് മുഖമുയർത്താത്തവർ. പട്ടുസാരിയും, കുറെയധികം സ്വർണ്ണവും , കൂടുതൽ നാണവും പുതുമോടി പെണ്ണിന് അലങ്കാരമായി.

മൊബൈലിൽ കണ്ണും നട്ടിരിക്കുന്ന ചെറുപ്പക്കാർ തന്നെയൊന്ന് നോക്കാത്തതിൽ നന്ദനക്ക് അല്പം കെറുവ് തോന്നാതിരുന്നില്ല. ഈ ഫോണിന് ആൾക്കാരുടെ വികാരങ്ങളെപ്പോലും ഇല്ലാതാക്കാനുള്ള കഴിവുണ്ടോ എന്തോ?

അവളുടെ അടുത്തിരുന്ന വല്യമ്മച്ചി ആരെയും ശ്രദ്ധിക്കാതെ കഴുത്തിലെ വെന്തിങ്ങയിൽ തെരുപ്പിടിച്ച് നൻമ നിറഞ്ഞ മറിയം ചൊല്ലിക്കൊണ്ടിരുന്നു.

അപ്പോഴാണ് തിരക്കിനിടയിലും ഈ വൃദ്ധൻ.

അവളുടെയും വല്യമ്മച്ചിയുടെയും ഇടയിലെ ഇത്തിരി സ്ഥലത്തേക്കും അയാളുടെ കണ്ണുകൾ നീണ്ടു.

അതു കൊള്ളാം , ഇപ്പിപ്പോ ചെറുപ്പക്കാരെ കൊണ്ടല്ല വയസ്സൻമാരെ കൊണ്ടാണ് ശല്യമെരക്കേട്. നന്ദനയ്ക്ക് അങ്ങനെയാണ് തോന്നിയത്. അയാൾ സീറ്റുകൾക്കിടയിലേക്ക് അല്പം കൂടി കയറി വന്നു.

ഈ പെണ്ണുങ്ങളുടെ ഇടയിൽ ഇയാളെ ഇരുത്തിയത് തന്നെ. വല്യമ്മച്ചിയോട് ചേർന്നിരിക്കുന്നതിനിടയിൽ നന്ദന ഓർത്തു.

തന്റെ ഉദരത്തിലുള്ള വലിയ കൂട്ടം ജനങ്ങളെ പറ്റി യാതൊരു വേവലാതിയുമില്ലാതെ ട്രെയിൻ ഓടികൊണ്ടിരുന്നു.

ഇളകുന്ന ട്രയിനിൽ പുതു ദമ്പതികളുടെ ശരീരം അങ്ങുമിങ്ങും ചേർന്നുരസുന്നു. അയാളുടെ ശരീരം സ്പർശിച്ചിടത്തെല്ലാം യുവതി ചുവക്കുന്നതായി നന്ദനക്ക് തോന്നി.

അവൾക്ക് നാണം വന്നു.

തന്റെ കല്യാണം കഴിഞ്ഞ് വരനോടൊപ്പം ഇതു പോലൊരു യാത്ര അവൾ സങ്കൽപ്പിച്ചു.

അവൾ തിരിഞ്ഞ് പയ്യൻമാരെ നോക്കി. ക്ഷൗരം ചെയ്യാത്ത താടിയും ചീകാത്ത ചെമ്പൻ മുടിയും, കീറിത്തുടങ്ങിയ ജീൻസുമായി കുറച്ച് അടി പൊളി പിള്ളേർ.

പുതുമോടിപെണ്ണിന്റെ സാരി മാറിപ്പോയ വെളുത്ത വയറിലേക്ക് ഒരുത്തൻ ഏറുകണ്ണിട്ടു നോക്കുന്നു.

നന്ദന ഉള്ളിൽ ചിരിച്ചു. അപ്പോൾ ഇവർക്ക് മൊബൈൽ ഫോണിനപ്പുറത്തും ലോകമുണ്ട്.

വൃദ്ധൻ ഇപ്പോൾ കുറേക്കൂടി മുന്നോട്ടു വന്നിട്ടുണ്ട്. കൂടെ , കൂടെ തന്നെ നോക്കുന്നുണ്ട്.

ഇതൊരു ശല്യമായല്ലോ. ഈ ആൺപിള്ളാരെകൊണ്ട് പോലും കുഴപ്പമില്ല. അപ്പഴാണ്.

വേഗം കുറച്ച ട്രെയിൻ കിതക്കാൻ തുടങ്ങി. ഒരു സ്റ്റേഷനടുത്തിട്ടുണ്ട്.

അപ്പഴാണ് അവളെ അസ്വസ്ഥയാക്കികൊണ്ട് വല്യമ്മച്ചി എഴുന്നേറ്റതും അയാളാ സ്ഥലത്ത് ചാടി ഇരുന്നതും.

അവൾ ജാലകത്തിനടുത്തേക്ക് ഒന്നു കൂടി പറ്റിക്കൂടി. ട്രെയിനിനകത്തെ സമ്മിശ്രഗന്ധങ്ങൾക്കിടയിലൂടെ പുതിയൊരു വിയർപ്പുമണം അവളെ തേടിയെത്തി.

നാശം വൃത്തിയുമില്ല,

“ചായ, ചായ.. ”ചായക്കാരൻ ആളുകൾക്കിടയിലൂടെ നീണ്ട വിളിയായി ഊളിയിട്ടു വന്നു.

വൃദ്ധൻ ചായ വാങ്ങി കുടിക്കുകയാണ്. സ്റ്റേഷനിൽ നിന്ന് ഒരു വിറയലോടെ ട്രയിൻ നീങ്ങാൻ തുടങ്ങി. അയാളുടെ കൈയ്യിലെ കപ്പിൽ നിന്ന് തുളുമ്പിയ ചായ തന്റെ ചുരീദാറിൽ വീണു പരക്കുന്നത് അവളൊരു ഞെട്ടലോടെ കണ്ടു.

കുറ്റബോധത്തോടെ അത് തുടച്ചുകളയാൻ കൈയ്യുയർത്തിയ അയാളെ അവൾ ചെടിപ്പോടെ വിലക്കി.

ഇനിയിപ്പോ അതിന്റെ കുറവേയുള്ളൂ.



കാഴ്ചകളെ കൂടുതൽ വേഗത്തിൽ പിന്നോട്ടു തള്ളി മാറ്റി തീവണ്ടി കുതിച്ചു നീളുന്നു.

കുറച്ച് കഴിഞ്ഞപ്പോൾ അയാൾ ചോദിച്ചു. "മോളെങ്കടാ?"

"കോട്ടയത്തിന്." മറുപടി പറയാതെ വയ്യല്ലോ.

"ഞാനും അങ്ക്ടന്ന്യാ. അവിടെ അനു കാത്തു നിക്കണ്ടാവും. ന്റെ പേരക്കുട്ട്യാ. മോളേപ്പോലന്യാ. ഇപ്പോ രണ്ടു മൂന്നു കൊല്ലായി കണ്ടിട്ട്. വളർന്നിണ്ടാവും."

നന്ദനക്ക് തെല്ല് കുറ്റബോധം തോന്നി. രണ്ടു മൂന്നു കൊല്ലമായി കാണാത്ത പേരക്കുട്ടിയെ തേടിപ്പോകുകയാണിയാൾ. ആ ഛായയുള്ളതു കൊണ്ടാകും തന്നെ നോക്കികൊണ്ടിരുന്നത്.

അയാളോടുള്ള അകൽച്ച കുറയുന്നുവോ

അവൾ സൂക്ഷിച്ചു നോക്കി. ഏറിയാൽ ഒരെഴുപതു വയസ്സു തോന്നിക്കും. വെളുപ്പിൽ തളിർത്തു നിൽക്കുന്ന ഏതാനും കറുത്ത മുടികൾ മാത്രം തലയിൽ. വല്ലാതെ മുഷിഞ്ഞു പോയ വേഷം. കൈയ്യിൽ മുറുകെ പിടിച്ചിരിക്കുന്ന പഴയ ബാഗ്.

അയാൾ ആരോടെന്നില്ലാതെ പറയാൻ തുടങ്ങി.

"അവള് ഇവിടിണ്ടാർന്നില്ല. ബോംബേല് അവളടമ്മേടെ കൂടെയാർന്ന്. ഇപ്പ നാട്ടീ വന്ന്ണ്ട്. ന്നെ ഫോൺ വിളിച്ചാരുന്നു. ഇന്ന് വരാന്ന് ഞാൻ പറയേം ചെയ്തു."

വെറുതെ ചോദിച്ചു. "അമ്മാവന്റെ ആരുടെ കുട്ട്യാ?"

കുറച്ച് നേരത്തേക്ക് നിശബ്ദത മാത്രം.


അജ്ഞാതമായൊരു വേദന മുഖത്ത് മിന്നിമറഞ്ഞു പോയോ.

"ന്റെ മോന്റെ കുട്ട്യാ. അവൻ പട്ടാളത്തിലായിരുന്നു. ഇപ്പല്യ. കുഞ്ഞുമോൾക്ക് രണ്ടര വയസ്സുള്ളപ്പഴാ മരിച്ചത്. വീട്ടില് നിക്കണേല് ഞങ്ങക്ക് വിരോധണ്ടായില്യ. പിന്നെ അവൾടമ്മക്ക് ചെറുപ്പല്ലേ. അവര് വേറെ കല്യാണം കഴിച്ചു. ബോംബേലായിരുന്നു. വല്ലപ്പോഴും വരുമ്പോ ഒന്ന് കാണാൻ കിട്ട്യാ ഭാഗ്യം. പിന്നെ തർക്കോം വഴക്കും. യുദ്ധത്തില് മരിച്ച ജവാന്റെ കുടുംബത്തിന് കിട്ടിയ സ്വത്ത് ഭാഗം വയ്ക്കണതില്. ന്തൊക്കെ കിട്ടീട്ടെന്തിനാ. അവൻ പോയില്ല്യേ."

അലഞ്ഞു തിരിയുന്നൊരു മൗനം വീണ്ടും ഇടയിൽ വീണ് തളം കെട്ടി.

തന്റെ വരവറിയിക്കുന്ന തീവണ്ടിയുടെ നിലവിളി എവിടേയോ തേഞ്ഞു തീരുന്നു. അപ്പോൾ ഒരു മന്ത്രണം പോലെ അയാളുടെ സ്വരം വീണ്ടും നന്ദന കേട്ടു.

"ആകേണ്ടായിരുന്നത് ഒറ്റമോനാ. അവന്റെ മരണത്തിനപ്പുറം



മറ്റൊരു ശിക്ഷ കിട്ടാനില്ല. കുറെ ക്കാലം സഹിക്കാൻ ന്റെ കെട്ട്യോള് കൂടേണ്ടാർന്ന്. ഒരു കൊല്ലം മുമ്പ് അവളും പോയി. തനിച്ചാവണം കുട്ട്യേ അപ്പഴേ ഒറ്റപ്പെടലിന്റെ വേദനയറിയൂ."

തനിക്ക് പലതും മനസ്സിലാകുന്നില്ലെന്ന് നന്ദനക്ക് തോന്നി. താൻ സ്വപ്നത്തിൽ പോലും കാണാത്ത കാര്യങ്ങളാണിത്. വെറുമൊരു കഥ കേട്ട പോലെ.

വിരസമായ യാത്രയിലേക്ക് ആരുടേയോ കൈയ്യിലിരുന്ന മൊബൈൽ ഫോൺ പാടാൻ തുടങ്ങി. ഒരു പഴയ സിനിമാ ഗാനം.



നന്ദന കണ്ടു. ഇപ്പോൾ എതിർവശത്ത് പുതുമോടികൾ മയക്കത്തിലാണ്. അതിനിടയിൽ എപ്പഴോ വീണു കിട്ടിയ ഇത്തിരി സ്ഥലം കൂടി സ്വന്തമാക്കി കുഞ്ഞ് അമ്മയുടെ മടിയിൽ നിന്ന് ഊർന്നിറങ്ങിയിരിക്കുന്നു. അപ്പുറത്തെ ട്രാക്കിലൂടെ എതിർദിശയിലേക്ക് പാഞ്ഞു പോകുന്ന മറ്റൊരു ട്രയിൻ. കുഞ്ഞിക്കണ്ണുകളിലെ വിസ്മയം നീണ്ടു നീണ്ടു പോകുന്നത് പോലെ. ഒടുവിലാ കൗതുകം ഒട്ടിപ്പിടിച്ച് പാത മാത്രം ബാക്കി.

"കോട്ടയത്ത് ചെന്നാല് വല്യേ തെരക്കാവും അതിനെടേല് എങ്ങന്യാ അവളെ കാണ്വാ. മോളെന്നെയൊന്ന് സഹായിക്കണം."

വൃദ്ധന്റെ വേവലാതി അറിയാതെ പുറത്തു ചാടി.

നന്ദന സമ്മതം പോലെ തല കുലുക്കി. കോളേജ് ഹോസ്റ്റലിലേക്ക് ഏറിയാൽ പതിനഞ്ചു മിനിട്ടു മതി. മാത്രമല്ല തന്റെ ഛായയുള്ള ആ കക്ഷിയെ ഒന്ന് കാണുകയും കൂടി ചെയ്യാമല്ലോ.

"മോള് പഠിയ്ക്കാ?"

"ആ ഡിഗ്രിക്ക്"

"അവളും ഡിഗ്രിക്കന്ന്യാ."

എപ്പോഴൊ അയാൾ ബാഗ് തുറന്ന് കുറച്ച് മിഠായികൾ പുറത്തെടുത്ത് നീട്ടി.

"എടുത്തോ, അവൾക്ക് വാങ്ങീതാ."

വേണ്ടെന്ന് പറയാൻ തോന്നിയില്ല. വാങ്ങി ബാഗിലിട്ടു.

കോട്ടയമടുക്കാറായെന്ന് പതിവു കാഴ്ചകൾ ഓർമ്മപ്പെടുത്തുന്നു. നീണ്ടു വിരസമായ യാത്രയിൽ കൊരുത്ത് തളരുന്ന സമയം. നന്ദനയുടെ കണ്ണുകളിലേക്ക് വിളിക്കാതെ ഒരു മയക്കം വന്നുകയറി.

മയക്കം എത്ര നേരം നീണ്ടു നിന്നാവോ. ദേഹത്തേക്കൊരു ഭാരം വന്നമരുന്നതു പോലെ തോന്നി. അയാളാണ് . നല്ല ഉറക്കമായെന്ന് തോന്നുന്നു. സൂക്ഷിച്ചൊന്നു നോക്കി. അല്ല. ഉറക്കമല്ല. ശ്വാസോച്ഛ്വാസത്തിനൊരു താളപ്പിഴയുണ്ടോ.

മുട്ടൻ വിയർപ്പുതുള്ളികൾ നെറ്റി

യിൽ നിന്ന് താഴേക്കൂർന്നിറങ്ങുന്നു.

നീട്ടിയ വിരലിൽ മുറുകുന്ന കൈ. മറിഞ്ഞു പോകുന്ന കണ്ണുകൾ.തൊണ്ടയിൽ തടഞ്ഞ നിലവിളി ഞെരക്കം പോലെ.

"അമ്മാവാ ഇതെന്തു പറ്റി?"

ഒച്ച കുറെ ഉയർന്നു പൊങ്ങി.

എല്ലാവരും ശ്രദ്ധിക്കുന്നു. നന്ദന പരിഭ്രമത്തോടെ ചുറ്റും നോക്കി. പുതുമോടികൾ പെട്ടെന്നെഴുന്നേറ്റ് മാറി. എന്തു ചെയ്യണമെന്നറിയാതെ പകച്ചിരിക്കുകയാണ് പിള്ളേർ.

ബഹളം കേട്ട് ഒന്നുരണ്ടപരിചിതർ കടന്നു വന്നിരിക്കുന്നു.

"നിങ്ങളൊന്നു മാറിക്കേ, ഞങ്ങളൊന്നു നോക്കട്ടെ. " അവർ പറഞ്ഞു.

"ഇത് നിങ്ങടെ ആരാ? " അവർ ചോദിച്ചു.

"ആരുമല്ല." നന്ദന പറഞ്ഞു. "ഇപ്പഴീ യാത്രയിൽ കണ്ടതാണ്."

അവിടേക്ക് ആളുകൾ കൂടുതൽ വന്നു കൊണ്ടിരുന്നു.

"കണ്ടിട്ട് അറ്റാക്കാന്നാ തോന്നണെ. ചങ്ങല വലിച്ചിട്ട് കാര്യല്ല. ഇവിടെങ്ങും ആശുപത്രിയില്ല. ന്തായാലും കോട്ടയത്തെത്തട്ടെ. റെയിൽവെ അലർട്ട് നമ്പറിലോട്ട് വിളിച്ചിട്ടുണ്ട്. "അയാൾ പറഞ്ഞു.

ആ സീറ്റിൽ ഇപ്പോൾ നീണ്ടു നിവർന്നു കിടക്കുന്ന വൃദ്ധൻ മാത്രം. കാഴ്ചക്കാരായി മറ്റാളുകൾ ചുറ്റും. അയാൾ മയങ്ങുകയാണെന്ന് തോന്നി. തല ഒരു വശം ചരിച്ചു വച്ചിരിക്കുന്നു.

ട്രയിൻ സ്റ്റേഷനിലേക്കെത്തിയിരിക്കുന്നു. കഴിഞ്ഞതെല്ലാം ഒരു സ്വപ്നം പോലെ നന്ദനക്കു തോന്നി.

സ്റ്റേഷനെത്തിയിട്ടും ആരും പെട്ടെന്ന് വരാത്തതെന്താണ്. വൃദ്ധനെ ആശുപത്രിയിലെത്തിക്കണ്ടേ.

ഒരു സ്ട്രച്ചറുമായി രണ്ട് ജീവനക്കാരെത്തിയിരിക്കുന്നു.


"അവിടെയാണ് ബോഡി. "ആരൊ വിരൽ ചൂണ്ടുന്നു.

ബോഡിയോ , ദൈവമേ! നന്ദനക്ക് കണ്ണിൽ ഇരുട്ടു കയറുന്നതു



പോലെ തോന്നി.

അയാൾ മരിച്ചുവെന്നോ, അല്പം മുമ്പു പോലും തന്നോട് സംസാരിച്ചയാൾ. ഒരു പിടി മിഠായികൾ നീട്ടിയാൾ, മരിച്ചുവെന്നോ.



"ആരാ തൊട്ടടുത്തിരുന്നത്?"

"ഈ കുട്ട്യാ." എവിടെ നിന്നോ ഒരു സ്വരം അവൾക്കു നേരെ ചൂണ്ടി.

"സ്റ്റേഷൻ മാസ്റ്ററുടെ അടുത്ത് വരെ ഒന്ന് വരണം. പോലീസുകാര് ആവശ്യപ്പെട്ടാ സ്റ്റേറ്റ്മെന്റ് കൊടുക്കേണ്ട വരും."

നന്ദന ബദ്ധപ്പെട്ട് നടന്നു. കാലുകൾ തളരുന്ന പോലെ.

അനു എവിടെയായിരിക്കും . വൃദ്ധൻ മരിച്ചത് എങ്ങനെയറിയിക്കും . നിരവധി ചോദ്യങ്ങൾ കുഴക്കുന്നു.

"ഈ ബാഗ് പരിശോധിച്ച് ബന്ധുക്കളെ വിവരമറിയിക്കാം. ബോഡി ജില്ലാ ആശുപത്രിയുടെ മോർച്ചറിയിലേക്ക് ഉടനെ മാറ്റും. " അവളോട് വിവരങ്ങൾ ചോദിച്ചറിഞ്ഞ് സ്റ്റേഷൻ മാസ്റ്റർ പറഞ്ഞു.

"അഡ്രസ്സ് കൊടുത്ത് ഇപ്പോൾ പൊയ്ക്കോളൂ. പോലീസ് ആവശ്യപ്പെട്ടാ ഒരു സ്റ്റേറ്റ് മെന്റ് കൊടുക്കണം. പേടിക്കാനൊന്നൂല്യ. ഒരു ഫോർമാലിറ്റിക്ക്."

തിരിച്ചു നടക്കവെ നന്ദനയ്ക്ക് കാലിടറി. എന്തൊക്കെയാണ് സംഭവിച്ചത്. അവൾക്ക് കരച്ചിൽ വന്നു. മറ്റുള്ളവർ കണ്ടാൽ എന്തു കരുതും. ടൗവ്വൽ കൊണ്ട് എത്ര ചെറുത്തിട്ടും കണ്ണീർ നിലക്കുന്നില്ല. സന്ധ്യ മയങ്ങാൻ തുടങ്ങുന്നു. അന്തിമാനത്തിന്റെ ചുവന്ന കവിളിലേക്ക് ചുട്ടികുത്തിയ പൊലൊരു കരിങ്കാക്ക പറന്നു കയറുന്നത് അവൾ കണ്ണീരിനിടയിലൂടെ കണ്ടു.

രണ്ടു ദിവസത്തെ ചിന്തകളിലെല്ലാം അയാൾ നിറഞ്ഞു നിന്നിരുന്നു. മറക്കാൻ തുടങ്ങിയതാണ്. പക്ഷേ അന്ന് കണ്ട പത്രവാർത്ത അക്ഷരാർത്ഥത്തിൽ അവളെ സ്തബ്ധയാക്കി കളഞ്ഞു.

അജ്ഞാതമൃതശരീരം ആശുപത്രിയിൽ എന്നു തുടങ്ങുന്ന വാർത്തയിൽ മരണമടഞ്ഞ വൃദ്ധന്റെ ഫോട്ടോ. പിന്നെ സംഭവങ്ങളുടെ ഒരു ചെറുകുറിപ്പും.

അപ്പോൾ ഇതു വരെ അനു വന്നില്ലെ. വൃദ്ധന്റെ ബാഗിൽ നിന്നും മരണവിവരമറിയിക്കാനുള്ള നമ്പറൊന്നും കിട്ടിയിട്ടുണ്ടാകില്ലേ.

ആകെ അസ്വസ്ഥയായിരുന്നു.

ഉച്ചക്ക് കോളേജിൽ നിന്നിറങ്ങി. അനിരുദ്ധനെ കൂടെ കൂട്ടി. അവൻ കോളേജ് യൂണിയൻ ചെയർമാനാണ്. എട്ടും പൊട്ടും തിരിയാത്ത താൻ ഒറ്റയ്ക്ക് പോയിട്ടെന്താവാനാണ്.

ജില്ലാ ആശുപത്രിയിലെത്തി. സൂപ്രണ്ടിനെ കാണാൻ അല്പം കാത്തു നിൽക്കേണ്ടി വന്നു.

"നിങ്ങളാണോ മരിച്ചയാളുടെ ബന്ധുക്കൾ? "സൂപ്രണ്ട് ചോദിച്ചു.

'അല്ല.' അനിരുദ്ധൻ പറഞ്ഞു. 'ആ സമയത്ത് ഈ കുട്ടിയാണ് കൂടേണ്ടായത്.'

"കുട്ടിക്കെന്തെങ്കിലും അറിയാമെങ്കിൽ പറഞ്ഞോളൂ".

"ഒന്നും അറിയില്ല. തന്റെ പേരക്കുട്ടിയെ കാണാനാണ് എന്ന് മാത്രം പറഞ്ഞതോർക്കുന്നു."

"മരിച്ചയാളുടെ കൈവശം ഒരു ബാഗുണ്ടായിരുന്നു. അതിലുണ്ടായിരുന്നത് ഒരേയൊരു ഫോൺ നമ്പറാണ്. എന്നാൽ ആ നമ്പർ ഇപ്പോൾ നിലവിലില്ല എന്നതാണ് ഏറ്റവും ലേറ്റസ്റ്റ് ഇൻഫർമേഷൻ. " സൂപ്രണ്ട് പറഞ്ഞു.

"ഇനിയെന്തു ചെയ്യും?"

"പത്രപരസ്യം കഴിഞ്ഞാൽ രണ്ടോ, മൂന്നോ ദിവസം കൂടി കാക്കും. പിന്നെ മുനിസിപ്പാലിറ്റി അധികൃതർക്ക് കൈമാറും. അനാഥശവങ്ങൾ മറവു ചെയ്യുന്നതിനുള്ള നടപടികൾ അവരാണ് ചെയ്യുക."

ഇനി ഇരുന്നിട്ട് കാര്യമില്ലെന്ന് തോന്നി. അനിരുദ്ധൻ നന്ദി പറഞ്ഞ് എഴുനേറ്റിരിക്കുന്നു.

നന്ദന പതുക്കെ പുറത്തേക്ക് നടന്നു. വാതിൽ പടിയിലെത്തി ഒരു നിമിഷം നിന്ന ശേഷം തിരിഞ്ഞു.

"സർ ഒരു റിക്വസ്റ്റുണ്ട്."

"ആരും വന്നില്ലെങ്കീ ബോഡി മുനിസിപ്പാലിറ്റിക്കു കൈമാറുമ്പോൾ ഈ നമ്പറിലൊന്ന് അറിയിക്കാൻ പറ്റോ."

അവൾ തുണ്ടു കടലാസ് നീട്ടി.

സൂപ്രണ്ടിന്റെ മുഖത്ത് ചോദ്യഭാവം. എങ്കിലും അയാൾ നമ്പർ വാങ്ങി വലിപ്പിലേക്കിട്ടു.

തിരിച്ചിറങ്ങുമ്പോൾ അനിരുദ്ധൻ ചോദിച്ചു.

"അനാഥശവം മറവു ചെയ്യുന്നേടത്ത് നിനക്കെന്താകാര്യം?"

അനു വന്നാലെന്താ കാര്യം. അതു തന്നെ .അങ്ങനെ പറയാനാണ് തോന്നിയത്. അവനൊന്നും മനസ്സിലായിട്ടില്ല.

ബസ്സിലിരിക്കുമ്പോൾ ബാഗിനുള്ളിലെ മിഠായികളിൽ ചെന്ന് വിരൽ മുട്ടി. അത് മറന്നിരിക്കുകയായിരുന്നു.

പുറത്ത് വെയിൽ മങ്ങുന്നു. എവിടേയോ പെയ്യാൻ മറന്നു പോയൊരു മഴ തണുപ്പായി കവിളിൽ തൊടുന്നു.

നന്ദനയുടെ കണ്ണുകളിൽ ജലരാശി പടർന്നു മൂടി. അപ്പോഴും അവൾ വെറുതേ പുറത്തേക്ക് നോക്കികൊണ്ടിരുന്നു.

വഴിയോരത്തെങ്ങാനും തന്റെ ഛായയുള്ള ഒരു പെൺകുട്ടി നിൽക്കുന്നുണ്ടോ? ■